# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 782 13.6.2012-ൽ മറുപടിയ്ക്ക്

## കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ. കെ. വിജയൻ | | ശ്രീ. പി.ജെ ജോസഫ് (ബഹു.ജലവിഭവ വകുപ്പുമന്ത്രി) |
| എ | "കുന്നുമ്മൽ അനുബന്ധ കുടിവെള്ള പദ്ധതി"യുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | എ ബി,സി,ഡി പിരിവുകളുടെ മറുപടിയിൽ വിശദമാക്കിയിട്ടുണ്ട്. |
| ബി | പ്രസ്തുത പദ്ധതി ആരംഭിച്ച വർഷം, അടങ്കൽ തുക, ഇതുവരെ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ; | ബി കുന്നമ്മലും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി വളയം, വാണിമേൽ, നരിപ്പറ്റ, തൂണേരി, കായക്കൊടി, കുറ്റ്യാടി, നാദാപുരം എന്നീ വില്ലേജുകളിൽ ജലവിതരണം നടത്താനാണ് ഉദ്ദേശിക്കുന്നത്. ഈ സമഗ്ര പദ്ധതിയുടെ ഭാഗമായി ഭരണാനുമതി ലഭിച്ചതിന്റെ വിശദവിവരങ്ങൾ താഴെ പറയുന്നു. |

| | പദ്ധതിയുടെ പേര്. വിഭാഗം. ഭരണാനുമതി തീയതി | അടങ്കൽ തുക ലക്ഷം | ചെലവഴിച്ച തുക ലക്ഷം |
|---|---|---|---|
| 1 | നാദാപുരം വില്ലേജ് ശുദ്ധജല വിതരണ പദ്ധതി SPAN-5-08-2008 | 1063 | 368.45 |
| 2 | വളയം വില്ലേജ് ശുദ്ധജല വിതരണ പദ്ധതി ARWSS-30-05-01 | 340 | 103.04 |
| 3 | വാണിമേൽ വില്ലേജ് ശുദ്ധജല വിതരണ പദ്ധതി ARWSS-30-05-01 | 400 | 49.65 |

| | | | |
|---|---|---|---|
| 4 | നരിപ്പറ്റ വില്ലേജ് ശുദ്ധജല വിതരണ പദ്ധതി ARWSS-30-05-01 | 345 | 72.17 |
| 5 | തൂണേരി വില്ലേജ് ശുദ്ധജല വിതരണ പദ്ധതി ARWSS-16-02-99 | 210 | 69.87 |
| 6 | കായക്കൊടി വില്ലേജ് ശുദ്ധജല വിതരണ പദ്ധതി ARWSS-30-05-01 | 300 | 41.60 |
| 7 | കുറ്റ്യാടി വില്ലേജ് ശുദ്ധജല വിതരണ പദ്ധതി SPAN05-08-2008 | 503 | 472.56 |
| | ആകെ | 3161.00 | 1177.34 |

സി. പ്രസ്തുത പദ്ധതി നാദാപുരം മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളിൽ എത്ര വീതം ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമായിരിക്കുമെന്ന് വിശദമാക്കാമോ;

മേൽ പറഞ്ഞ സമഗ്ര പദ്ധതി നാദാപുരം മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളി കളിലാണ് നടപ്പിലാക്കുന്നത്. പദ്ധതി പൂർത്തീകരിക്കുമ്പോൾ നാദാപുരം മണ്ഡലത്തിലെ 197944 പേർക്ക് കുടിവെള്ളം ലഭ്യമാക്കാൻ സാധിക്കുന്നതാണ്. പഞ്ചായത്ത് തല വിവരം താഴെ പറയുന്നു

1. നാദാപുരം — 79036 പേർക്ക്
2. വളയം - 17549 പേർക്ക്
3. കായക്കൊടി- 23173 പേർക്ക്
4. തൂണേരി - 21780 പേർക്ക്
5. നരിപ്പറ്റ - 34240 പേർക്ക്
6. വാണിമേൽ - 22166 പേർക്ക്

ആകെ 1,97,944

ഡി. പ്രസ്തുത പദ്ധതി ഡി പൂർത്തീകരിക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എത്രയും വേഗം അത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

പദ്ധതിയുടെ സ്രോതസ്സ് കുറ്റ്യാടി പുഴയാണ്. സമഗ്ര പദ്ധതിയുടെ പൊതു ഘടകമായ 19 MLD ശുദ്ധീകരണ ശാലയും മാസ്റ്റർ ബാലൻസിംഗ് റിസർ വോയറും പൂർത്തിയാക്കിക്കഴിഞ്ഞു. നാദാപുരം, വളയം, തൂണേരി, നരിപ്പറ്റ, വാണിമേൽ കുറ്റ്യാടി എന്നീ വില്ലേജുകൾക്കുവേണ്ടിയുള്ള ജലസംഭരണികൾ പൂർത്തീകരിച്ചു.

നാദാപുരം, തൂണേരി, കറ്റ്യാടി വില്ലേജുകളിലെ വിതരണ ശൃംഖല പൂർത്തീകരിച്ചു. പൊതു ഘടകങ്ങളായ റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ട്രാൻസ് ഫോർമറുകൾ സ്ഥാപിക്കൽ എന്നിവയുടെ പ്രവർത്തികളുടെ ടെണ്ടർ വിളിച്ചു. ടി പ്രവർത്തികളുടെ ടെണ്ടർക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിവിധ ജലസംഭരണികളിലേയ്ക്ക് ശുദ്ധീകരിച്ച ജലം എത്തിക്കേണ്ട ഗ്രാവിറ്റി പൈപ്പ് ലൈനുകളുടെ പ്രവർത്തിയും പമ്പ് സെറ്റ് സ്ഥാപിക്കുന്ന പ്രവർത്തിയും ടെണ്ടർ ചെയ്യേണ്ടതുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളുടെ ആകെ ഭരണാനുമതി തുകയായ 3161 ലക്ഷം രൂപ മതിയാകാതെ വന്നിരിക്കയാൽ പദ്ധതികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് ( 3963 ലക്ഷം രൂപ ARP- 2007 ലക്ഷം &SPAN – 1956 ലക്ഷം) തയ്യാറാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ സമഗ്ര പദ്ധതിയുടെ ഭാഗമായ വളയം, നരിപ്പറ്റ, വാണിമേൽ എന്നീ വില്ലേജുകളിൽ വിതരണ ശൃംഖല സ്ഥാപിക്കാൻ കേന്ദ്ര ഗവൺ മെന്റിന്റെ സഹായത്തോടെയുള്ള NRDWP വിഭാഗത്തിൽ പ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വളയം, നരിപ്പറ്റ വില്ലേജുകളിൽ വിതരണ ശൃംഖല സ്ഥാപിക്കാനുള്ള പ്രവർത്തികളിടെയും ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. വാണിമേൽ വില്ലേജിൽ വിതരണ ശൃംഖല സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റുകൾ പരിശോധിച്ചു. കൂടാതെ കായക്കൊടി വില്ലേജിൽ വിതരണ ശൃംഖല സ്ഥാപിക്കുന്ന കാര്യം പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ